**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊടുങ്ങല്ലൂർ നഗരസഭ – ലോകമല്ലേശ്വരം വില്ലേജ്-സർവ്വേ നമ്പർ 178/2 – ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം -കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം - ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1139/2017/തസ്വഭവ    തിരുവനന്തപുരം, തീയതി 17/04/2017.**

---

പരാമർശം:- 1) 14.02.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 39/2014/തസ്വഭവ.

2 കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം ശ്രീ.ഭാസി എ.കെ., വല്ലോംപറമ്പത്ത് ആലയിൽ ഹൗസ്, ലോകമല്ലേശ്വരം സമർപ്പിച്ച 8/3/2016 ലെ അപേക്ഷ.

3) 30.04.2015 ലെ കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ ടി.പി. PWU2/UA-24/15-16 നമ്പർ കത്ത്.

4) 03.06.2016 ലെ തൃശ്ശൂർ ടൗൺ പ്ലാനറുടെ സി2/925/16 നമ്പർ കത്ത്.

5) 04.07.2016, 18.01.2017 എന്നീ തീയതികളിലെ ചീഫ് ടൗൺ പ്ലാനറുടെ സി2/11996/16/കെ.ഡിസ്. നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയിൽ ലോകമല്ലേശ്വം വില്ലേജിൽ സർവ്വേ നമ്പർ 178/2 യിൽ ഉൾപ്പെട്ട സ്ഥലത്ത് ശ്രീ. ഭാസി എ.കെ നിർമ്മിച്ച ഇരുനില വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായുള്ള ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിനാൽ, 12820/- (പന്ത്രണ്ടായിരത്തി എണ്ണൂറ്റി ഇരുപത്) രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി, പ്രസ്തുത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക ശുപാർശ സഹിതം പരാമർശം (5) പ്രകാരം ചീഫ് ടൗൺ പ്ലാനർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ ഈ അപേക്ഷ പരിശോധിച്ചു. പരാമർശം (5) ലെ ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ നഗരസഭയിൽ ലോകമല്ലേശ്വം വില്ലേജിൽ സർവ്വേ നമ്പർ 178/2 ൽ ഉൾപ്പെട്ട 2.95 ആർ സ്ഥലത്ത് 150.83 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ ശ്രീ. ഭാസി എ.കെ നിർമ്മിച്ച വാസഗൃഹം, ക്രമവൽക്കരണ ഉത്തരവിലെ Safety and Security Provisions പാലിക്കുന്ന സാഹചര്യത്തിലും, കെ.എം.ബി.ആർ. പ്രകാരമുള്ള ചട്ട ലംഘനങ്ങൾ കൂടുതൽ ദോഷകരമല്ലാത്തതിനാലും, ചുവടെ പറയുന്ന നിബന്ധനയ്ക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 12820/- രൂപ (പന്ത്രണ്ടായിരത്തി എണ്ണൂറ്റി ഇരുപത് രൂപാ മാത്രം) "0217 urban – 60 -other urban development Scheme – 800 – Other Receipts - 91 Compounding Fee for regularisation of unauthorised Constructions violating provision of building rules" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3) അപേക്ഷകൻ മേൽ പരാമർശിച്ച തുക ഈ ഉത്തരവ് തീയതി മുതൽ 30 ദിവസങ്ങൾക്കകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും, അതു ലഭിച്ചാൽ കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹേമപ്രഭ.ഡി**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. ഭാസി എ.കെ. വല്ലോംപറമ്പത്ത് ആലയിൽ ഹൗസ്, ലോകമല്ലേശ്വരം,
കൊടുങ്ങല്ലൂർ പി.ഒ., പിൻ 680 664.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ,
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ